(32) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രാജ്യത്തും സംസ്ഥാനത്തും കുട്ടികൾക്കെതിരായുള്ള പീഡനങ്ങളും ലൈംഗികാതിക്രമങ്ങളും വ്യാപകമായി വർദ്ധിക്കുകയാണ്. ഇത് സംരക്ഷിക്കുന്നതിനുവേണ്ട POCSO Act (Protection of Children from Sexual Offences Act)-2012 അനുസരിച്ച് പ്രവർത്തിക്കുന്ന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എല്പിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ കുട്ടികൾക്കെതിരായുള്ള ആക്രമണം സംബന്ധിച്ച 700-ഓളം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അത് മോണിറ്റർ ചെയ്യുന്നതിനായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഈ കമ്മീഷന് കഴിയുന്നില്ല. മന്ത്രിയുടെ കുറ്റമായിട്ടല്ല ഞാനിത് പറയുന്നത്. സമൂഹത്തിൽ. ഉയർന്നുവരുന്ന വളരെ ഗുരുതരമായ വിഷയത്തിൽ സാമൂഹ്യമായ ഒരിടപെടൽകൂടിയാണ് ഈ കമ്മീഷനിലൂടെ നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ ഇവിടെ നിയമപരിജ്ഞാനമോ യഥാർത്ഥ യോഗ്യതയോ ഇല്ലാത്ത ആളെയാണ് കൺസൾട്ടന്റായി വച്ചിരിക്കുന്നത്. ഈ കമ്മീഷൻ ചെയ്യേണ്ട പ്രവർത്തികൾ ചെയ്യാതിരിക്കുമ്പോൾ ഈ നിയമംമൂലം കുട്ടികൾക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും കിട്ടാതെ പോകുന്നു. ഈ കമ്മീഷൻ രൂപീകരിച്ചിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. അതുകൊണ്ട് ബാലദശയിൽത്തന്നെ ഇതിന്റെ ന്യൂനതകൾ പരിഹരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷനാക്കി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013-ലാണ് നിലവിൽ വന്നത്. ആദ്യഘട്ടത്തിൽ ചെയർപേഴ്സൺ-ന്റെ നിയമനവും 2014 ജനുവരി മാസത്തിൽ കമ്മീഷൻ അംഗങ്ങളും ചുമതലയേറ്റു. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള 2012-ലെ ആക്ടിലെ 44-ാം വകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെ സംബന്ധിച്ച വിവരങ്ങളും അവയുമായി ബന്ധപ്പെട്ട പോലീസ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ തുടങ്ങി വിവിധ കർത്തവ്യവാഹകർ സ്വീകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ നിരീക്ഷിക്കുന്നതിനുമായി കമ്മീഷൻ നിലവിൽ വന്ന് അഞ്ച് മാസങ്ങൾക്കുള്ളിൽ ഒരു പോക്സോ മോണിറ്ററിംഗ് സെൽ രൂപവൽക്കരിക്കുകയുണ്ടായി. പോക്സോ മോണിറ്ററിംഗ് സെൽ പ്രവർത്തനമാരംഭിച്ചയുടൻതന്നെ പോലീസ് രജിസ്റ്റർ ചെയ്യുന്ന പോക്സോ കേസുകളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പ്രൊഫോർമ കമ്മീഷൻ തയ്യാറാക്കുകയും അത് സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരത്തോടെ ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും ചെയ്തു. പോലീസ് രജിസ്റ്റർ ചെയ്യുന്ന പോക്സോ കേസുകളെ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി കമ്മീഷനിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം കമ്മീഷൻ നിലവിൽ വരുത്തുകയുണ്ടായി. ഇത്തരം ഒരു സംവിധാനം നിലവിൽ വരുത്തിയ ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം. ലൈംഗിക കുറ്റകൃത്യം സംബന്ധിച്ച വിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ച വരുത്തിയവർക്കെതിരെയുള്ള നടപടി, കുട്ടിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനെതിരെയുള്ള നടപടി, അറസ്റ്റ് വൈകിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി തുടങ്ങിയ കാര്യങ്ങൾ കമ്മീഷന്റെ പോക്സോ നിരീക്ഷണ സംവിധാനത്തിലൂടെ കാര്യക്ഷമമായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യവുമായി ബന്ധപ്പെട്ട കേസിൽ പോക്സോ നിയമപ്രകാരം കേസ് എടുക്കാത്ത സംഗതിയിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണവും നടപടികളും കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. "കുട്ടികൾക്കായി പീഡന രഹിത ലോകം," "കുട്ടികൾക്കൊരു കൈപുസ്തകം "എന്നിവ കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ യെസ്....യെസ്...

ഡോ. എം. കെ. മുനീർ : സർ, ഇത് വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് രണ്ടു മിനിറ്റ് കൂടി അനുവദിക്കണം. പോക്സോ കേസുകൾ പ്രത്യേക കോടതിയാണ് വിചാരണ ചെയ്യേണ്ടത്. ഇതിനായി നിലവിൽ സംസ്ഥാന പ്രിൻസിപ്പൽ സെഷൻസ് കോടതികളെയാണ് പ്രത്യേക കോടതിയായി വിജ്ഞാപനം ചെയ്തിരിക്കുന്നത്. പ്രിൻസിപ്പൽ സെഷൻസ് കോടതികളിലെ കേസുകളുടെ ബാഹുല്യവും വിചാരണ സമയബന്ധിതമായി തീർപ്പാക്കുന്നതിലുണ്ടാകാനുള്ള കാലതാമസവും പോക്സോ നിരീക്ഷണ സംവിധാനത്തിലൂടെ കമ്മീഷൻ വിലയിരുത്തുകയും വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പൂർണ്ണമായും ശിശു സൗഹൃദമാക്കുന്നതിനുമായി അതാത് ജില്ലകളിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ സെഷൻസ് കോടതികളെ പോക്സോ ആക്ട് പ്രകാരമുള്ള പ്രത്യേക കോടതികളായി പുനർനാമനിർദ്ദേശം

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് 22-6-2014-ൽ പ്രത്യേക നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്മീഷനിലെ പോക്സോ കൺസൾട്ടന്റിന് പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മതിയായ യോഗ്യതയും പ്രവൃത്തി പരിചയവുമുണ്ട്. കമ്മീഷനിൽ പ്രവർത്തിക്കുന്ന പോക്സോ കൺസൾട്ടന്റിനുള്ള യോഗ്യതകൾ ചുവടെ പറയുന്നവയാണ്;

സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം, എം.എസ്.ഡബ്ല്യു. എം.ഫിൽ സൈക്യാട്രിക് സോഷ്യൽ വർക്ക് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത്, ബാംഗ്ലൂർ, പി.എച്ച്.ഡി. ഇതുയും പ്രവർത്തന പരിചയമുണ്ട്. അതിനുപുറമേ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മനഃശാസ്ത്ര വിഭാഗത്തിൽ പന്ത്രണ്ട് വർഷത്തെ അദ്ധ്യാപന/ക്ലിനിക്കൽ പരിചയവുമുണ്ട്. മുകളിൽ വിശദമാക്കിയതു പോലെ പോക്സോ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വളരെയധികം കാര്യക്ഷമവും ശക്തവുമായി കമ്മീഷൻ നടത്തിവരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ സ്വതന്ത്രമായി പോകേണ്ട സ്ഥാപനമായതുകൊണ്ടാണ് മന്ത്രി എന്ന നിലയ്ക്ക് ഓരോ വിഷയത്തിലും ഇടപെടാത്തത്. എതെങ്കിലും രീതിയിൽ എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ അതിൽ ഇടപെടുകയും പരിശോധിക്കുകയും ചെയ്യുന്നതാണ്.

(33) ബി.ആർ.ജി. ഫണ്ട്

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാലക്കാട് ജില്ലയ്ക്ക് വെട്ടിക്കുറച്ച ബി.ആർ.ജി. ഫണ്ട് പുനഃസ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. രാജ്യത്തെ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലകളുടെ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക വികസന ഫണ്ടാണ് ബി.ആർ.ജി. ഫണ്ട്. പാലക്കാട് ജില്ലയിലെ ജനസംഖ്യയിലെ വർദ്ധനവ്, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ എണ്ണം, കാർഷിക വൃത്തികളിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, പൊതുവെയുള്ള പിന്നോക്കാവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ടാണ് പാലക്കാട് ജില്ലയ്ക്ക് ഫണ്ട് ലഭ്യമായത്. ഈ ഇനത്തിൽ 83 കോടി രൂപ മൂന്നുവർഷം കൊണ്ട് ലഭിക്കുകയുണ്ടായി. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി പദ്ധതി റീഡിഫൈൻ ചെയ്തുകൊണ്ട് മുൻപ് കോർ ഡിസ്ട്രിക്ട് പദവി ഉണ്ടായിരുന്ന പാലക്കാട് ജില്ലയെ പെരിഫെറൽ ഡിസ്ട്രിക്ടായി ക്ലാസിഫൈ ചെയ്തു. പിന്നീട് ഫണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്തു. അതുകൊണ്ട് ജില്ലയ്ക്കുള്ള മുഴുവൻ ഫണ്ടുകളും ഇല്ലാതായി. കേരള സർക്കാർ ഇക്കാര്യം ഗൗരവമായി എടുത്തുകൊണ്ട് കോർ ഡിസ്ട്രിക്ട് പദവിയുള്ള പാലക്കാട് ജില്ലയ്ക്കർഹമായ ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly